**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ഉപരി പഠനാർത്ഥമുള്ള ശൂന്യവേതന അവധിയ്ക്ക് ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. അനീഷ് കുമാർ.ജി-യ്ക്ക് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1. G.O (Rt) No. 837/2023/H&FWD dated 10/04/2023.**
**2. ഡോ. അനീഷ് കുമാർ.ജിയുടെ അപേക്ഷ തീയതി 15.03.2025.**

**ഉത്തരവ് നം. ഇ.ബി1-3226/2024/ആ.വ.ഡ തീയതി : 23-04-2025**

പത്തനംതിട്ട ജില്ലയിലെ അടൂർ ജനറൽ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. അനീഷ് കുമാർ.ജി-യ്ക്ക് ഉപരി പഠനത്തിനായി പരാമർശം (1) പ്രകാരം ശൂന്യ വേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത അവധിയുടെ കാലാവധി **25.04.2025** തീയതിയിൽ അവസാനിക്കുന്നതിനാൽ ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. അനീഷ് കുമാർ.ജി (PEN : 638416)-യെ **ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ** നിലവിൽ ഒഴിവുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ചു ഉത്തരവാകുന്നു.

2025-ലെ പൊതു സ്ഥലം മാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ഡോ. അനീഷ് കുമാർ.ജി, 26.04.2025 തീയതിയിൽ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 23-04-2025 10:30:10
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. അനീഷ് കുമാർ.ജി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ.

പകർപ്പ് : 1 . അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട / ഇടുക്കി.
3.സൂപ്രണ്ട്, ജനറൽ ആശുപത്രി, അടൂർ/ താലൂക്ക് ആസ്ഥാന ആശുപത്രി, നെടുങ്കണ്ടം.
4. ഫയൽ/കരുതൽ ഫയൽ.